MONDAY തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## Farm Information Bureau

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR     Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 18/12/2023

1. ജനങ്ങളുമായി നേരിട്ട് സംവദിച്ച് ഭരണ പുരോഗതി വിലയിരുത്താനും ജനാഭിപ്രായം തേടാനും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിസഭയൊന്നാകെ 140 നിയോജക മണ്ഡലങ്ങളിലൂടെയുള്ള പര്യടനം നടത്തുന്നു. നവകേരള സദസ്സ് 2023 ഇന്ന് കൊല്ലം ജില്ലയിലെ പത്തനാപുരം, പുനലൂർ, കൊട്ടാരക്കര, കുന്നത്തൂർ എന്നീ മണ്ഡലത്തിലും സംഘടിപ്പിക്കുന്നു.

2. പ്രധാനമന്ത്രി മത്സ്യസമ്പാദ യോജന പദ്ധതിയുടെ കീഴിൽ ജില്ലയിൽ മത്സ്യസേവന കേന്ദ്രം ആരംഭിക്കുന്നതിന് ഫിഷറീസ് വകുപ്പ് അപേക്ഷ ക്ഷണിച്ചു. മത്സ്യ കർഷകർക്ക് കൺസൾട്ടൻസി സേവനങ്ങൾ, മത്സ്യവിത്ത്, മണ്ണ്-ജല ഗുണനിലവാര പരിശോധന, മത്സ്യരോഗനിർണയം-നിയന്ത്രണം എന്നിവയ്ക്ക് സൗകര്യം ഒരുക്കുക, ഫിഷറീസ് പ്രൊഫഷണലുകൾക്ക് തൊഴിലവസരം സൃഷ്ടിക്കുക എന്നിവയാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ. 25 ലക്ഷം രൂപയാണ് പദ്ധതി തുക. 40 ശതമാനം സബ്സിഡി ലഭിക്കും. 12 മാസമാണ് പദ്ധതി പൂർത്തീകരണ കാലയളവ്. ഫിഷറീസ് സയൻസ് /ലൈഫ് സയൻസസ് മറൈൻ ബയോളജി/ മൈക്രോബയോളജി /സുവോളജി/ ബയോകെമിസ്ട്രി വിഷയങ്ങളിൽ ബിരുദമാണ് യോഗ്യത. മേൽവിഷയങ്ങളിൽ ഉന്നതയോഗ്യതയുള്ളവർക്ക് മുൻഗണന. സ്വന്തമായോ പാട്ടവ്യവസ്ഥയിലോ കുറഞ്ഞത് 1000 സ്ക്വയർ ഫീറ്റ് ഭൂമി ഉണ്ടായിരിക്കണം. ഫിഷറീസ് വകുപ്പുമായി ഏഴ് വർഷത്തിൽ കുറയാത്ത കാലയളവിൽ കരാറിൽ ഏർപ്പെടണം. അപേക്ഷ ഡിസംബർ 21നകം നൽകണം. വിശദവിവരത്തിന് ഫോൺ നമ്പർ വൈക്കം മത്സ്യഭവൻ -9400882267, 04829-291550, കോട്ടയം മത്സ്യഭവൻ 0481-2566823,9074392350, പാലാ മത്സ്യഭവൻ -0482-2299151, 7592033727.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. തൃശൂർ അഗ്രി ഹോർട്ടികൾച്ചറൽ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ, തൃശൂർ കോർപ്പറേഷൻ,തൃശൂർ ജില്ലാ പഞ്ചായത്ത്, കൊച്ചിൻ ദേവസ്വം ബോർഡ്,കേരള കാർഷിക സർവ്വകലാശാല, കേരള വെറ്റിനറി ആൻറ് അനിമൽ സയൻസ് സർവകലാശാല,സംസ്ഥാന കൃഷി വകുപ്പ് എന്നിവരുടെ സഹകരണത്തോടെയും, ശ്രീ വടക്കുംനാഥ ക്ഷേത്ര മൈതാനിയിൽ നെഹറു പാർക്കിനു സമീപത്ത് 2023 ഡിസംബർ 22 മുതൽ 2024 ജനുവരി ഒന്നു വരെ, 43 മത് തൃശ്ശൂർ പുഷ്പോത്സവം 2023 നടക്കുകയാണ്. പ്രദർശന നഗരിയിൽ 10 x10 വലുപ്പമുള്ള വ്യാപാര സ്റ്റാളുകൾക്കും, പ്രദർശന നഗരിയിൽ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിനും 9495858800 എന്ന നമ്പരിൽ ബന്ധപെടുക.

4. മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള ഇൻഷുറൻസിനു അപേക്ഷിക്കാം. ആലപ്പുഴ ഫിഷറീസ് വകുപ്പ്നടപ്പാക്കുന്ന മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള ഇൻഷുറൻസ് പരിരക്ഷ പദ്ധതിയിലേക്ക്മത്സ്യത്തൊഴിലാളികളായ ഉടമകളിൽനിന്നും അപേക്ഷ ക്ഷണിച്ചു. മോട്ടോർ ഘടിപ്പിച്ച് കടൽ മത്സ്യ ബന്ധനത്തിൽ ഏർപ്പെടുന്ന പരമ്പരാഗത മത്സ്യബന്ധനയാനങ്ങളുടെ ഇൻഷുറൻസാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. യാനത്തിന് രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ ഉണ്ടായിരിക്കണം 2012 ജനുവരി മുതൽ രജിസ്റ്റർ ചെയ്തപരമ്പരാഗതയാനങ്ങൾക്കാണ് ഇൻഷുറൻസ് പരിരക്ഷ നൽകുന്നത്. വിശദവിവരങ്ങൾക്കും അപേക്ഷ ഫോറത്തിനും അതാത് മത്സ്യഭവനുമായി ബന്ധപെടുക.

5. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഒരു മാസം പ്രായമുള്ള കരിങ്കോഴി കുഞ്ഞുങ്ങൾ കുഞ്ഞ് ഒന്നിന് 175 രൂപ നിരക്കിൽ വിൽപനക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9400483754 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. പാലക്കാട് തെക്കുമുറിയിൽ പ്രവർത്തിക്കുന്ന കൃഷി വിജ്ഞാനകേന്ദ്രത്തിൽ അസോള വില്പനയ്ക്ക് 1 kg 50 രൂപയാണ് വില. കൂടുതൽവിവരങ്ങൾക്ക് 0466 2212279, 0466 2912008, 6282937809 എന്നീ ഫോൺ നമ്പറിൽ ബന്ധപെടുക.

**പരിശീലന പരിപാടി**

7. കർഷകരുടെ ഉൽപ്പന്നങ്ങൾ ഓൺലൈൻ മാധ്യമങ്ങൾ വഴി വിപണനം ചെയ്യാൻ സഹായിക്കുന്ന പരിശീലന പരിപാടി ഡിജിറ്റൽ മാർക്കറ്റിംഗ് പരിശീലനം കാർഷിക കോളേജ് പടന്നകാടിൽ ഡിസംബർ 20, 21 തീയതികളിൽ സംഘടിപ്പിക്കുന്നു. ഡിജിറ്റൽ മാർക്കറ്റിംഗ്, സോഷ്യൽ മീഡിയ മാർക്കറ്റിംഗ്, വെബ്സൈറ്റ് നിർമ്മാണം, ഈ കണ്ടന്റ് നിർമാണവും പരസ്യവും എന്നീ വിഷയങ്ങളിലാണ് പരിശീലനം സംഘടിപ്പിച്ചിരിക്കുന്നത്. വിശദവിവരങ്ങൾക്ക് 7306481338, 6282110691 എന്നീ ഫോൺ് നമ്പറുകളിൽ ബന്ധപ്പെടുക

8. വിദ്യാഭ്യാസ ധനസഹായത്തിന് അപേക്ഷിക്കാം ആലപ്പുഴ ക്ഷീരകർഷക ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിദ്യാഭ്യാസ ധനസഹായ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. സംസ്ഥാനത്തെ വിവിധ ക്ഷീരസഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷക ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്കാണ് അർഹത. SSLC, PLUS TWO ബിരുദം പ്രൊഫഷണൽ ബിരുദം എന്നീ തലങ്ങളിൽ പഠിക്കുന്നവർ ആയിരിക്കണം. അപേക്ഷകർ 2022-23 അക്കാദമിക്ക് വർഷം പഠനം പൂർത്തീകരിച്ചതും 2023-24വർഷം യോഗ്യത സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവരുമായിരിക്കണം. പദ്ധതിയുടെ വിശദവിവരങ്ങളും അപേക്ഷയും www.kdfwf.orgg വെബ്സൈറ്റിൽ ലഭിക്കും. വിശദ വിവരങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസനയുണിറ്റ് ഓഫീസുകളുമായി ബന്ധപ്പെടുക. അപേക്ഷ ജനുവരി 15 വരെ സ്വീകരിക്കുന്നതാണ്.

Kowdiar, Thiruvananthapuram – 695003

**Website:** fibkerala.gov.in

**E-mail:**piofibtvm@gmail.com

**Telephone:** 0471 – 2318186, 2317314


ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം